# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 6463 08.11.2016- ൽ മറുപടിക്ക്

### കൈത്തറി പുനരുദ്ധാരണ പാക്കേജ്

| ചോദ്യം<br>ശ്രീ.എ.എം.ആരിഫ് | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) കേന്ദ്ര സർക്കാരിന്റെ കൈത്തറി പുനരുദ്ധാരണ പാക്കേജ് (ആർ.ആർ.ആർ. പാക്കേജ്) പ്രകാരം സംസ്ഥാനത്തെ കൈത്തറി സഹകരണ സംഘങ്ങളുടെ കടബാധ്യത ഒഴിവാക്കി നൽകി സംഘങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിനായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) കേന്ദ്ര സർക്കാരിന്റെ റിവൈവൽ, റീഫോം & റീസ്ട്രക്ച്ചറിംഗ് പാക്കേജ് (ആർ.ആർ.ആർ. പാക്കേജ്) പ്രകാരം 357 കൈത്തറി സഹകരണ സംഘങ്ങൾക്ക് 207.16 കോടി രൂപ നൽകിയിട്ടുണ്ട്. ഇതിൽ 163.04 കോടി രൂപ കേന്ദ്ര വിഹിതവും 44.12 കോടി രൂപ സംസ്ഥാന വിഹിതവുമായിരുന്നു.<br><br>തിരുവനന്തപുരം ജില്ല ഒഴികെയുള്ള ജില്ലകളിലെ സംഘങ്ങളുടെ, ധനകാര്യസ്ഥാപനങ്ങളിലെ വായ്പ പൂർണ്ണമായും എഴുതി തള്ളുന്നതിന് സാദ്ധ്യമായിട്ടുണ്ട്. കൂടാതെ സംഘങ്ങളുടെ എൻ.സി.ഡി.സി വായ്പയും പൂർണ്ണമായും എഴുതി തള്ളിയിട്ടുണ്ട്. നിലവിലുള്ള വായ്പ തീർപ്പാക്കി പുതിയ വായ്പ ലഭിച്ച സംഘങ്ങൾക്ക് മാർജിൻ മണി ഗ്രാന്റും നൽകി വരുന്നുണ്ട്. |
| (ബി) ആർ.ആർ.ആർ.പാക്കേജ് സംബന്ധിച്ച് കേന്ദ്ര ടെക്സ്റ്റൈൽ കമ്മീഷണറുടെ 27/9/13,13/11/2015 എന്നീ തീയതികളിലെ ഉത്തരവുകളിൽ ക്യാഷ് ക്രെഡിറ്റ് എൻ.പി.എ ആയത് വരെയുള്ള മുഴുവൻ ലോൺ തുകയും 25 ശതമാനം പലിശ തുകയും കേന്ദ്ര സർക്കാർ അനുവദിക്കുന്നതാണെന്നും ബാക്കി 75% പലിശയും പിഴപലിശയും അതാത് ബാങ്കുകൾ എഴുതി തള്ളി 31.3.2010 ൽ കടബാധ്യത പൂർണ്ണമായും ഒഴിവാക്കി സംഘങ്ങൾക്ക് പുതിയ ക്യാഷ് ക്രെഡിറ്റ് അനുവദിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

(സി) എന്നാൽ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് ഈ ഉത്തരവുകളെ അവഗണിച്ചുകൊണ്ട് 31.03.2013 വരെ യുള്ള പലിശയും പിഴപ്പലിശയും കണക്കാക്കി സംഘങ്ങളുടെ പേരിൽ ഫണ്ടഡ് ലോണായി മാറ്റിയിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഉണ്ട്. ഇത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഡി) ഇപ്രകാരം 31.3.2010 ന് ശേഷമുള്ള പലിശയും പിഴപ്പലിശയും ഫണ്ടഡ് ലോണായി മാറ്റിയിരിക്കുന്നതിനാൽ സംഘങ്ങൾക്ക് ക്യാഷ് ക്രെഡിറ്റ് ലഭിക്കുവാൻ അർഹത ഇല്ലാത്ത രീതിയിൽ ആക്കിയിരിക്കുന്നത് ശ്രദ്ധയി ൽപെട്ടിട്ടുണ്ടോ;

(ഡി) ഉണ്ട്.

(ഇ) ഈ വിഷയം സംബന്ധിച്ച് കൈത്തറി ആന്റ് ടെക്സ്റ്റൈൽ ഡയറക്ടർ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന് കൃത്യമായ നിർദ്ദേശം നൽകി യിട്ടും അത് പാലിക്കാതെ സംഘങ്ങളെ വീണ്ടും കടക്കെണിയിലാക്കിയത് പരി ശോധിക്കുമോ ;

(ഇ) പരിശോധിക്കുന്നതാണ്.

(എഫ്) 31.3.2013-ന് ശേഷം പ്രസ്തുത ബാങ്ക് ഓരോ കൈത്തറി സഹകരണ സംഘങ്ങളിൽ നിന്നും പലിശയും പിഴപ്പലിശയും ഇനത്തിൽ ഈടാക്കി യിട്ടുള്ള തുകയുടെ ലിസ്റ്റ് ഓരോ സഹകരണ സംഘങ്ങൾ തിരിച്ച് ലഭ്യമാക്കുമോ;

(എഫ്) വിവരം ശേഖരിച്ചു വരുന്നു.

| | | |
|---|---|---|
| (ജി) | അപ്രകാരം ഫണ്ടഡ് ലോണായി വകമാറ്റിയ സംഘങ്ങളുടെ പേരും തുകയും ഉൾക്കൊള്ളുന്ന ലിസ്റ്റ് നൽകുമോ; നിലവിലുള്ള ഉത്തരവുകൾക്ക് വിരുദ്ധമായി തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് അനധികൃതമായി ഈടാക്കിയ പലിശയും പിഴപ്പലിശയും ഫണ്ടഡ് ലോണും റദ്ദ് ചെയ്ത് കൈത്തറി സഹകരണ സംഘങ്ങളെ പ്രതിസന്ധിയിൽ നിന്നും രക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇപ്രകാരം പ്രവർത്തിച്ച ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കുമോ; മറ്റു ജില്ലകളിലെ കൈത്തറി സഹകരണ സംഘങ്ങളിൽ ഇത്തരം പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? |
| (ജി) | സംഘങ്ങളുടെ ലിസ്റ്റ് സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു. പ്രതിസന്ധിയിലുള്ള സംഘങ്ങളെ രക്ഷിക്കുന്ന കാര്യം പരിശോധിച്ചു വരികയാണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രവർത്തിച്ച ജില്ലാ സഹകരണ ബാങ്ക് ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടത് സഹകരണവകുപ്പാണ്. മറ്റു ജില്ലകളിൽ വായ്പ ഒഴിവാക്കി നൽകിയിട്ടുണ്ട്. ആയതിനാൽ ഇത്തരം പ്രശ്നങ്ങൾ നിലവിലില്ല. |

**സെക്ഷൻ ഓഫീസർ**